# നവജ്യോതി

LIGHTED TO ENLIGHTEN

നമ്മുടെ കോളേജിന്റെ വാർത്താജാലകം

നവംബർ 04 തിങ്കൾ 2024


## പ്രൗഢിയുള്ള പടിയിറക്കം




ആദർശ് മാത്യു

ചെറുപുഴ നവജ്യോതി കോളേജ് 2021 24 ബാച്ചിന്റെ ബിരുദദാന ചടങ്ങ് നടത്തപ്പെട്ടു. ജൂലൈ 25 രാവിലെ 10 മണിയോടെയാണ് പരിപാടി ആരംഭിച്ചത്. കേരള സെൻട്രൽ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് ബയോകെമിസ്ട്രി ആൻഡ് മോളിക്കുലർ ബയോളജി അദ്ധ്യാപകൻ പ്രൊ: രാജേന്ദ്ര പിലാൻകട്ട, പ്രൊ ാവിൻഷ്യൽ സുപ്പീരിയർ സെന്റ് തോമസ് പ്രൊവിൻസ് റവ ഫാ. ജോൺസൺ വരക്കപ്പറമ്പിൽ, വികാർ പ്രൊവിൻഷ്യൽ സെന്റ് തോമസ് പ്രൊവിൻസ് ഡോ ഫാ ജിനോ പെരിംച്ചേരി എന്നിവരായിരുന്നു. സദസ്സിലെ പ്രധാന അതിഥികൾ.

ഫാ ജോഷി വാളിപ്ലാക്കൽ,കോളേജ് പ്രിൻസിപ്പൽ ഡോ കെ കെ സോമശേഖരൻ, കോളേജ് മാനേജർ ഫാ ജോസഫ് ചാത്തനാട്ട്, കോളേജ് ഡയറക്ടർ ഫാ സിജോയ് പോൾ, ബർസാർ ഫാ അരുൺ ജെയിംസ് എന്നിവരും ഓരോ ഡിപ്പാർട്മെന്റ് മേധാവികൾ ആതിര സി വി ( പി ജി ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്), ശ്യാം സന്തോഷ്( ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്സ്), ആനി സുഫലമ്മ ( ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ), മാത്യു എം ജെ (പി ജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് ) എന്നിവരുംടെയും സാന്നിധ്യം സദസിൽ ഉണ്ടായിരുന്നു.

എല്ലാ വർഷത്തെയും പോലെ നവജ്യോതി എക്സലൻസ് സ്കോളർഷിപ്പ്,ലിറ്റിൽ ഫ്ളവർ അച്ചീവേഴ്സ് അവാർഡ്, അവാർഡ് ഫോർ ഡിപ്പാർട്ട്മെന്റ് ടോപ്പേഴ്സ്, ബ്രിറ്റസ് ഫ്ലെയർ അവാർഡ് എന്നിങ്ങനെ കോളേജിൽ നിരവധി മേഖലകളിൽ തിളങ്ങിയ വിദ്യാർഥികളെ ആദരിക്കുകയും ചെയ്തു. സെമസ്റ്റർ പരീക്ഷയിൽ 90 % മാർക്കിനു മുകളിൽ നേടുന്നവരെയാണ് നവജ്യോതി എക്സലൻസ് അവാർഡിൽ ആദരിക്കുന്നത്. സഫാന കെ പി, ഷഹനാസ് എം എ, ആയിഷ പാർവീൻ, എലിസബത്ത് സാബു, നീതു എം എന്നിവർ ആറാം സെമസ്റ്റർ പരീക്ഷയിലും വൈശാലി രവീന്ദ്രൻ നാലാം സെമെസ്റ്റർ പരീക്ഷയിലും ഉന്നത വിജയം നേടി ഈ അവാർഡിന് യോഗ്യരായി. കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവത്തിൽ പോസ്റ്റർ മേക്കിങ്ങിന് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വൈശാലി രവീന്ദ്രൻ, വാട്ടർ കളർ മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ആനന്ദ് ഗോപിനാഥ് എന്നിവർ ലിറ്റിൽ ഫ്ളവർ അച്ചീവേഴ്സ് അവാർഡിന് അർഹരായി. മഞ്ജു മോൾ ( എം കോം ), മെറിൻ വർഗീസ് ( എം എ ഇംഗ്ലീഷ് ), സഫ്വാന കെ പി( ബി സി എ ), ബിജിൻ ജിമ്മി (ബി കോം ) ആയിഷ പർവീൻ ( ബി എ എക്ണോമിക്സ് ), ഷാരോൺ ടി ആർ ( ബി എ ഇംഗ്ലീഷ് ), അരുൺ അനിൽ ( ബി ബി എ ) എന്നിവർ നവജ്യോതി യൂണിയൻ അവാർഡ് ഫോർ ഡിപ്പാർട്ട്മെന്റ് ടോപ്പേഴ്സ്നു അർഹരായി.

അതുപോലെ വിവിധ മേഖലകളിൽ തിളങ്ങിയ നവജ്യോതിയുടെ ബ്രിട്സ് ഫ്ലെയർ അവാർഡ് നൽകി ആദരിച്ചു. നവജ്യോതി നീന്തൽ പരിശീലകൻ ബിജു സെബാസ്റ്റ്യൻ മാത്താശ്ശേരിയിൽ, നവജ്യോതിയുടെ പ്രയർ കവർ സോങ് ഡയറക്ട് ചെയ്യുകയും പാടുകയും ചെയ്ത ജോമരിയ സ്റ്റാൻലി, അനൂപ് സി ജെ,ആടുജീവിതം എന്ന സിനിമയുടെ പോസ്റ്റർ തയ്യാറാക്കിയ വൈഷ്ണവ് സി കെ, ചെന്നൈയിൽ വെച്ച് നടന്ന യൂണിവേഴ്സിറ്റി സിമ്മിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത ജസ്റ്റിൻ ജോസഫ്, ഷാരോൺ തോമസ് എന്നിവർക്ക് മൊമെന്റോ നൽകി ആദരിച്ചു. എല്ലാവരുമൊരുമിച്ചുള്ളതും, ഡിപ്പാർട്ട്മെന്റ് തലത്തിലുമുള്ള ഫോട്ടോസ് എടുത്തതിനുശേഷം ആണ് പരിപാടി പരിസമാപ്തിയിൽ എത്തിയത്.

## ഈ ലക്കം മുതൽ ആരംഭിക്കുന്നു മസൂദയെഴുതുന്ന കഥ.

## വിരഹ ഗാഥ

മസൂദ

കോളേജ് ക്യാമ്പസിന്റെ ഗേറ്റ് കടന്ന് അവൾ അകത്തേക്ക് കയറി. നല്ല ഹരിതാഭയും പച്ചപ്പും വിളിച്ചോതുന്ന ഒരു അടിപൊളി ക്യാമ്പസ്. അമ്മയുടെ കൂടെത്തന്നെ എല്ലാം സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ട് അവൾ നടന്നു... ഇവൾ ഭാവന. ഒരു തനി നാട്ടിൻപുറത്തുകാരി പെൺകുട്ടി. നന്നായി പഠിക്കുന്നതുകൊണ്ട് അവൾക്ക് നഗരത്തിലെ ഒരു അറിയപ്പെടുന്ന കോളേജിൽ തന്നെ അഡ്മിഷൻ കിട്ടി. അച്ഛൻ കുഞ്ഞിലേ മരിച്ചുപോയി. അമ്മയുടെ തണലിൽ വളർന്നു വന്ന ഒരു സാധുപെൺകുട്ടി. ഒരു ഗ്രാമത്തിന്റെ മുഴുവൻ പ്രതീക്ഷ. അഡ്മിഷന്റെ ഓരോഘട്ടങ്ങളും ചെയ്തു തീർത്ത ശേഷം അവർ നേരെ കോളേജ് ഹോസ്റ്റലിലേക്ക് പോയി.അവിടെയും മുഴുവനായി ഒന്ന് നോക്കി ക ണ്ട ശേഷം താഴത്തെ നിലയിൽ നിന്നും മുകളിലേക്ക് കയറി B-20 എന്നെഴുതിയ തന്റെ മുറിയിൽ ബാഗും തന്റെ സാധനങ്ങളും വെച്ച് അമ്മയെ യാത്രയാക്കാനൊരുങ്ങി.ആ യാത്രപറച്ചിൽ രണ്ടുപേരെയും സങ്കടത്തിലാഴ്ത്തി. തന്റെ മകളെ ഈ നഗരത്തിൽ ഒറ്റയ്ക്ക് വിട്ട് പോകുന്നതിന്റെ എല്ലാത്തരം പ്രയാസങ്ങളും ആ അമ്മയ്ക്ക് ഉണ്ടായിരുന്നു. എന്നാലും മകളുടെ നല്ല ഭവിക്കായ് അവളെ വിട്ട് പോരേണ്ടി വന്നു.

അമ്മയെ പറഞ്ഞു വിട്ടശേഷം അവൾ തന്റെ മുറിയിലേക്ക് പോയി. ഒന്ന് ഫ്രഷായ ശേഷം തന്റെ ബാഗ് തുറന്ന് ഓരോന്നായി പുറത്തേക്കെടുത്ത് വെച്ചു. അതിന്റെ ഇടയിൽ നിന്ന് അവരുടെ ഒരു ഫാമിലി ഫോട്ടോ ഫ്രെയിം ചെയ്ത് വെച്ചത് അവൾ കയ്യിലെടുത്തു .അച്ഛനും അമ്മയും കുഞ്ഞും ചേർന്ന് നിൽക്കുന്ന ഒരു ഫാമിലി ഫോട്ടോ. അതിലേക്ക് നോക്കി അവൾ വേദനയോടെ കണ്ണീർപൊഴിച്ചു...

തുടരും..

## നാളെയുടെ തിരിച്ചറിവിന് കോമേഴ്സ് വിഭാഗത്തിന്റെ കയ്യൊപ്പ്.





ഫെബിൻ ബിജു

നവജ്യോതി കോളേജ് പിജി ഡിപ്പാർട്ട്മെൻറ് ഓഫ് കൊമേഴ്സിന്റെ നേതൃത്വത്തിൽ പാൻ കാർഡ് ആവശ്യകതയെക്കുറിച്ചുള്ള ബോധവൽക്കരണവും എൻറോൾമെൻറ് ക്യാമ്പയിനും ജൂൺ 10 ന് സെമിനാർ ഹാളിൽ വെച്ച് നടത്തി. പാൻ കാർഡുകളുടെ ആവശ്യകത മനസ്സിലാക്കി കൊടുക്കുകയും, പാൻ കാർഡിന് അപേക്ഷിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുകയുമായിരുന്നു പ്രചാരണത്തിന്റെ ലക്ഷ്യം.

ശ്രീമതി. ഷിജി (ജനസേവ കേന്ദ്ര ,കന്നിക്കളം) പാൻ കാർഡിന്റെ ആവശ്യകതകളെ പറ്റി വിദ്യാർത്ഥികൾക്ക് പറഞ്ഞുകൊടുക്കുകയും, അവർക്ക് വിശാലമായ സാമ്പത്തിക സേവനങ്ങൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമാകുന്നതിന്റെ സാധ്യതകളെക്കുറിച്ചും വിവരിച്ചു. വിവിധ ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള അറുപത് വിദ്യാർത്ഥികൾക്ക് എൻറോൾമെന്റ് സെഷൻ പ്രയോജനകരമായിരുന്നു. നിർണായകമായ സാമ്പത്തിക സാക്ഷരതയും കാര്യക്ഷമവൽക്കരണവും വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിൽ പാൻ കാർഡിന്റെ ആവശ്യകത ഉന്നയിച്ചുകൊണ്ടുള്ള ബോധവൽക്കരണ പരിപാടി വിജയിച്ചു.

## ഇന്ത്യൻ കൈത്തറിക്ക് കരുത്ത് പകർന്ന് ആൽഫ മാനേജ്മെന്റ് ക്ലബ്ബ്




സി .ആഷ്ണ

ലോക കൈത്തറി ദിനാചരണത്തിന്റെ ഭാഗമായി നവജ്യോതി കോളേജിൽ ബിസിനസ് മാനേജ്മെന്റ് സ്റ്റഡീസിന്റെ നേതൃത്വത്തിലുള്ള ആൽഫാ മാനേജ്മെന്റ് ക്ലബ്ബ് ഉപന്യാസ രചന മത്സരം നടത്തി.ഈ പ്രോഗ്രാമിൽ മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി ലയന ലക്ഷ്മണൻ ഇന്ത്യയിലെ കൈത്തറി മേഖലയുടെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിച്ചു.

ഉപന്യാസ രചന മത്സരത്തിൽ വിവിധ വിഭാഗങ്ങളിൽ നിന്നായി പത്തോളം വിദ്യാർഥികൾ പങ്കെടുത്തു. മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി അർച്ചന പി മത്സര നിബന്ധനകൾ വിദ്യാർത്ഥികൾക്ക് വിശദീകരിച്ചു കൊടുത്തു.

ഇംഗ്ലീഷ് വിഭാഗം മേധാവി ശ്രീമതി. ആതിര സി. വി വിജയികളായ വിദ്യാർത്ഥികളെ അഭിനന്ദിക്കുകയും,പ്രിൻസിപ്പൽ ഡോ. കെ കെ സോമശേഖരൻ വിജയികളായവർക്ക് സമ്മാനം നൽകി ആദരിക്കുകയും ചെയ്തു. ബി. എ ഇംഗ്ലീഷ് രണ്ടാംവർഷ വിദ്യാർത്ഥിനി എവലിൻ റൂത്ത് ജിമ്മി ഒന്നാം സ്ഥാനവും,ക്രിസ്റ്റി സി.ജെ രണ്ടാം സ്ഥാനവും, ആദിത്യ രവീന്ദ്രൻ മൂന്നാം സ്ഥാനവും ഉപന്യാസ മത്സരത്തിൽ കരസ്ഥമാക്കി. ഇന്ത്യയിലെ കൈത്തറി മേഖലയുടെ വളർച്ചയും പ്രാധാന്യവും മനസ്സിലാക്കുന്നതിന് ഈ ഉപന്യാസമത്സരവും, ബോധവൽക്കരണ ക്ലാസും വഴിയൊരുക്കി.

## അക്ഷരമുറ്റം




ഫാ.ജോസ്

വായനവാരാചരണത്തോട് അനുബന്ധിച്ച് ഫ്ലോറ നേച്ചർ ക്ലബ്ബ് അക്ഷരമുറ്റം എന്ന പേരിൽ ചിറ്റാരിക്കൽ സെന്റ് മേരീസ് സ്കൂളിൽ വിവിധ മത്സരങ്ങൾ നടത്തി. ടീം അടിസ്ഥാനത്തിൽ നടത്തിയ മത്സരത്തിൽ 20 ടീമുകൾ പങ്കെടുത്തു. മത്സരത്തിൽ നോറ അറക്കൽ, ഇസബെല്ല ജെയ്സൺ എന്നിവരുടെ ടീം ഒന്നാം സ്ഥാനവും ആൽവിസ് ജോസഫ്, എലിസബത്ത് സാബു എന്നിവരുടെ ടീം രണ്ടാം സ്ഥാനവും ജിൽന ഷൈജു, ഹന്ന ജോബി എന്നിവരുടെ ടീം മൂന്നാം സ്ഥാനവും നേടി.

## BCASA സംഘടിപ്പിച്ച പരിസ്ഥിതി ദിനാചരണം

ഫാത്തിമത്ത് റംഷീന

നവജ്യോതി കോളേജിലെ BCASA വിദ്യാർഥികൾ കാമ്പസിൽ പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട് ബ്രിജേഷ് സെബാസ്റ്റ്യൻ സ്വാഗതം പറഞ്ഞു. കംപ്യൂട്ടർ സ്റ്റഡീസ് വിഭാഗത്തിലെ ശ്രീമതി സിംന സൈമൺ, അസിസ്റ്റന്റ് പ്രൊഫസർ ശ്രീരാഗ് ശശീന്ദരനും ,വൈഷ്ണവ് സി. കെയും ചേർന്ന് ഉദ്ഘാടനം ചെയ്ത പരിസ്ഥിതി ദിനാചാരണത്തിലും പ്രസംഗത്തിലും , തുടർന്നുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾക്ക് സംഭാവന ചെയ്യാനാകുന്ന വഴികൾ എടുത്തുകാട്ടി. പരിപാടിയിൽ പങ്കെടുത്തവർക്കായി പരിസ്ഥിതി വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള വിവിധ കളികളും പരിപാടികളും സംഘടിപ്പിച്ചു.

പരിസ്ഥിതി ദിനാചരണം വിജയിപ്പിച്ചതിന് സംഘാടകർക്കും പങ്കെടുത്തവർക്കും നന്ദി പറഞ്ഞുകൊണ്ട് തനിയാ തോമസ് നന്ദി പറഞ്ഞു. വിദ്യാർത്ഥി സമൂഹത്തിൽ അവബോധം വളർത്തുന്നതിനും പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ളതായിരുന്നു BCASA ക്ലബ്ബിന്റെ പരിസ്ഥിതി ദിനാചരണം.

എഡിറ്റോറിയൽ

# കേരള ചരിത്രം

ക്രിസ്റ്റി

സവിശേഷമായ സംസ്കാരത്താലും, പൈതൃകത്താലും, ജീവിത രീതികളാലും വേറിട്ടു നിൽക്കുന്ന വൈവിധ്യങ്ങളുടെ കലവറയാണ് കേരളം. കിഴക്ക് പശ്ചിമഘട്ടത്തിലും പടിഞ്ഞാറ് അറബിക്കടലിനും ഇടയിൽ സ്ഥിതി ചെയ്യുന്ന കൊച്ചു ഭൂപ്രദേശം. ഭൂമിശാസ്ത്രപരമായും നിരവധി പ്രത്യേകതകൾ ഉള്ള കേരളം വിനോദ സഞ്ചാരികളുടെ പറുദീസയാണ് വിദ്യാഭ്യാസം ആരോഗ്യം ദാരിദ്രനിർമ്മാർജ്ജനം പൊതു വിദ്യാഭ്യാസ നിലവാരം, സാക്ഷരതാ നിരക്ക് എന്നിവയിൽ മുൻപന്തിയിലാണ് കേരളം.

തെയ്യവും തിരയും കഥകളിയും മാർഗംകളിയും ഒപ്പനയും തിരുവാതിരയും ഒന്ന് പോലെ ആസ്വദിക്കുന്ന നാട് ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും തോളോട് തോൾ ചേർന്ന് നിൽക്കുന്ന നാട്. ഉത്സവവും തിരുനാളും പെരുന്നാളുകളും നാടിന്റെ ആഘോഷങ്ങൾ ആക്കി മാറ്റുന്ന നാട്. പ്രതിസന്ധി ഘട്ടങ്ങളിൽ അപരന്റെ രക്ഷയ്ക്കായി സ്വജീവൻ പണയം വയ്ക്കുന്നവരുടെ നാട്. അതാണ് കേരളം.

ഐക്യ കേരള ചരിത്രം കേവലം ചുരുങ്ങിയ കാലത്തേതല്ല. രാജഭരണ കാലത്തെയും ജന്മികുടിയാൻ വ്യവസ്ഥയെയും നേരിട്ട സമൂഹം. ജാതിമത വർഗ്ഗ വർണ്ണ ലിംഗ അസമത്വങ്ങൾ നേരിട്ടിരുന്ന ഒരു സമൂഹം. വഴി നടക്കുവാനും ക്ലാസ് മുറിയിൽ ഇരിക്കുവാനും സമരം ചെയ്തവരുടെ സമൂഹം. ജീവൻ കൊടുത്തും ബ്രിട്ടീഷ് ഏകാധിപത്യത്തിനെതിരെ ശബ്ദമുയർത്തിയ സമൂഹം. ജാതിക്കോമരങ്ങളെ തകർത്തെറിഞ്ഞ് ജനാധിപത്യത്തെ ചേർത്തുപിടിച്ച സമൂഹം. സർവ്വ മേഖലകളിലും പ്രഗൽഭരായ വ്യക്തിത്വങ്ങളെ ലോകത്തിന് സംഭാവന ചെയ്ത സമൂഹം. കേരള സാമൂഹിക ചരിത്രം സാമൂഹിക അസമത്വങ്ങൾ ആകുന്ന ഭൂതകാലത്തിന്റെ ഇരുട്ടിനെ വിദ്യാഭ്യാസത്തിന്റെയും നവോത്ഥാനത്തിന്റെയും വെളിച്ചത്താൽ പകലാക്കി മാറ്റിയവരുടെ ചരിത്രമാണ്. ഈ മണ്ണിന് 68 വയസ്സ് തികയുകയാണ്. പേമാരികൾ ആഞ്ഞടിച്ചാലും ഒത്തൊരുമയാലും സാഹോദര്യത്താലും അതിനെ ചെറുത്തു നിൽക്കാമെന്ന് മാതൃകയാണ് കേരളം നൽകുന്നത്.

## സംവാദച്ചൂടിൽ നവജ്യോതി



ജുമാന

നവജ്യോതി കോളേജിലെ ഇക്കണോമിക്സ് വിഭാഗം ഈഡിത് അബൂട്ട് സൊസൈറ്റി ഓഫ് ഇക്കണോമിക്സ് (ഈസ്) ക്ലബ്ബിന്റെ അഭിമുഖ്യത്തിൽ ജനസംഖ്യാ ദിനത്തോടനുബന്ധിച്ച് ഇന്റെർ ഡിപ്പാർട്ട്മെന്റ് സംവാദ മത്സരം സംഘടിപ്പിച്ചു.'ജനസംഖ്യയിലെ വളർച്ച്'എന്നതായിരുന്നു സംവാദ വിഷയം. അസി പ്രൊഫ.എബി ജോസ് പി,അസി പ്രൊഫ. നമിത മാത്യു എന്നിവർ വിധികർത്താക്കളായി.വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ഏഴ് ടീമുകൾ പങ്കെടുത്ത സംവാദ മത്സരത്തിൽ ബി.ബി എ വിഭാഗത്തിലെ രണ്ടാം വർഷ വിദ്യാർത്ഥികൾ ഒന്നാം സ്ഥാനവും,മൂന്നാം വർഷ ബി.സി.എ വിഭാഗത്തിലെ വിദ്യാർത്ഥികൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

## തുരുമ്പെടുത്ത ചില ഇരുമ്പുപെട്ടികൾ



ബിന്ദു സെബാസ്റ്റ്യൻ

നവജ്യോതി കോളേജ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ലോക തപാൽ ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി ഒക്ടോബർ 9ാം തിയതി തപാൽ വ്യവസ്ഥിതിയെക്കുറിച്ച് ബോധവൽക്കരണ ക്ലാസും, ഇൻലാൻഡ് കത്തെഴുത്ത് മത്സരവും സംഘടിപ്പിച്ചു. ചെറുപുഴ സബ് പോസ്റ്റ് ഓഫീസർ അബ്രഹാം എ. നേതൃത്വം നൽകിയ ക്ലാസ്സിന് ലൈബ്രറി അഡ്വൈസറി കമ്മിറ്റി മെമ്പർ ആതിര സി.വി സ്വാഗതവും, പ്രിൻസിപ്പൽ ഡോ. കെ കെ സോമശേഖരൻ സർ അധ്യക്ഷതയും വഹിച്ചു. കോളേജ് യൂണിയൻ ചെയർമാൻ ഫെബിൻ ബിജു, ലൈബ്രേറിയൻ ബിന്ദു സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ അറിയിച്ച് സംസാരിക്കുകയും ആഷ്ണ മരിയ ഷാജി നന്ദിയർപ്പിക്കുകയും ചെയ്തു.

കോളേജിലെ നിരവധി വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ ഇംഗ്ലീഷ് ഇൻലാൻഡ് കത്തെഴുത്ത് മത്സരത്തിൽ ഒന്നാം വർഷ ബികോം വിദ്യാർത്ഥിനി അനുപ്രിയ സുരേഷ് ഒന്നാം സ്ഥാനവും, ബി ബി എ രണ്ടാം വർഷ വിദ്യാർത്ഥിനി ഡബോറഹ സോയ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. മലയാളം ഇൻലാൻഡ് കത്തെഴുത്ത് മത്സരത്തിൽ ബി സി എ രണ്ടാം വർഷ വിദ്യാർത്ഥിനി നന്ദന മോഹൻ ഒന്നാം സ്ഥാനവും,രണ്ടാം വർഷ ബി ബി എ വിദ്യാർത്ഥിനി അർച്ചന അനിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. പരമ്പരാഗത രീതികളും തപാൽ വ്യവസ്ഥിതികളും അന്യം നിന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇന്നത്തെ തലമുറയ്ക്കുള്ള തിരിച്ചറിവായിമാറി നവജ്യോതി കോളേജ് ലൈബ്രറിയുടെ നേതൃത്വത്തിൽ നടന്ന ബോധവൽക്കരണ ക്ലാസ്സ്.

## വളഞ്ഞുപോകാതെ വളരാൻ വായനാമത്സരം




നവജ്യോതി കോളേജ് ബി സി എ വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള BCASA ക്ലബ് വായന ദിനത്തോട് അനുബന്ധിച്ച് ഡിപ്പാർട്മെന്റിലെ മൂന്നാം വർഷ വിദ്യാർത്ഥികൾക്ക് വായനാമത്സരം നടത്തി. വായിച്ചു വളരേണ്ടതിന്റെ പ്രാധാന്യവും, മാതൃഭാഷയുടെ മഹത്വവും വിദ്യാർത്ഥികൾ മനസിലാക്കുക എന്നതായിരുന്നു വായനാമത്സരത്തിന്റെ ലക്ഷ്യം. മലയാള വിഭാഗം അസിസ്റ്റന്റ് പ്രൊ. ഫാ ജോസ് താമരക്കാട്ട് ഉദ്ഘാടനം ചെയ്ത വായനാ ദിന മത്സരത്തിൽ സജിത്ത് എം. റ്റി ഒന്നാം സ്ഥാനവും, വിഘ്നേഷ് രണ്ടാം സ്ഥാനവും, ബ്രിജേഷ് സെബാസ്റ്റ്യൻ മൂന്നാം സ്ഥാനവും കരസ്തമാക്കി. വായിച്ചു വളരുക എന്ന പ്രചോദനവുമായി വിജയികൾക്ക് പുസ്തകം സമ്മാനമായി നൽകി.അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ നടന്ന വായനാദിനാചരണം BCASA ക്ലബ് വളരെ മനോഹരമാക്കിതീർത്തു.

## ലിസ്സയിൽ മുഴങ്ങി നവജ്യോതിയുടെ ശബ്ദം



തോമസ് പി ജെ

കോഴിക്കോട് ലിസ്സ കോളേജിൽ സെപ്റ്റംബർ 26, 27 തീയതികളിൽ നടന്ന ദേശീയ സെമിനാറിൽ നവജ്യോതി കോളേജിലെ സൈക്കോളജി, സോഷ്യൽ വർക്ക് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. ദുരന്തനിവാരണവും കാലാവസ്ഥാ വ്യതിയാനവും മെച്ചപ്പെടുത്തുന്നതിനുള്ള നൂതന സാമൂഹിക പ്രവർത്തന രീതികൾ എന്നതായിരുന്നു സെമിനാറിന്റെ പ്രധാന വിഷയം.സമൂഹത്തിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പുതിയ വഴികൾ തുറന്നു കൊടുക്കുന്നതായിരുന്നു ഈ പരിപാടി.

സെമിനാറിന്റെ ഭാഗമായി നടത്തിയ സ്ട്രീറ്റ് പ്ലേയിൽ നവജ്യോതി കോളേജ് മൂന്നാം സ്ഥാനം നേടിയത് പ്രത്യേക ശ്രദ്ധയാകർഷിച്ചു.സോഷ്യൽ വർക്ക് വിഭാഗത്തിലെയും, സൈക്കോളജി വിഭാഗത്തിലെയും വിദ്യാർത്ഥികളായ ആഹാന, അനുനന്ദ, അൽഷ, തോമസ്, ആന്റോ, ഷെഫിൻ, സൺസൺ, ആൽബർട്ട്, ജിതിൻ,അലൻ എന്നിവരാണ് അഭിമാനകരമായ നേട്ടം കൈവരിച്ചത്.

സോഷ്യൽ വർക്ക് വിഭാഗം മേധാവി ഫാ. ബിനോയ്, അസി പ്രൊഫ.സി. ഷാരോൺ, ബർസാർ ഫാ. അരുൺ, മറ്റ് അധ്യാപകരും വിദ്യാർത്ഥികൾക്ക് നൽകിയ പിന്തുണയും, നേതൃത്വവും പ്രോത്സാഹനപരമായിരുന്നു.സ്ട്രീറ്റ് പ്ലേയിലൂടെ നവജ്യോതി കോളേജ് വിദ്യാർത്ഥികൾക്ക് തങ്ങളുടെ സർഗ്ഗാത്മകത ഉണർത്തുവാനും തന്റെ കഴിവുകൾ കണ്ടെത്തുവാനും സഹായകരമായി. ലഭിച്ച അറിവും പ്രചോദനവും ഉപയോഗിച്ച് മുന്നോട്ട് നീങ്ങാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതായിരുന്നു സെമിനാർ.

## വായനാമികവ് പുലർത്താനൊരുങ്ങി നവജ്യോതി

ക്രിസ്റ്റി

വിദ്യാർത്ഥികളിലെ വായനാ മികവ് പുലർത്താൻ ഇംഗ്ലീഷ് പിജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ജൂൺ 28 വായനാദിനത്തോടനുബന്ധിച്ച് 'ഓഡിയോ ബുക്ക്' മത്സരം സംഘടിപ്പിച്ചു. വിദ്യാർഥികളിൽ വായനാശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ ദേശീയ വായന ദിനത്തിൽ നടത്തപ്പെട്ട മത്സരത്തിൽ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർഥികൾ പങ്കെടുത്തു.ഇംഗ്ലീഷ് വിഭാഗം മേധാവി ശ്രീമതി. ആതിര സി. വി, ശ്രീമതി നമിത മാത്യു, ശ്രീമതി കരോളിൻ മരിയ, ശ്രീമതി നിത്യ ബേബി എന്നിവരുടെ നേതൃത്വത്തിൽ വിധികർത്താക്കളെ നിയമിച്ചു. മത്സരത്തിൽ മാളവിക എൻ (എം. ടി. എം കോളേജ് ആർട്സ് ആൻഡ് സയൻസ് വെള്ളിയൻകോട് മലപ്പുറം ) ഒന്നാം സ്ഥാനവും , റാഹില പി. എം( മോഴ്സ് ആർട്സ് ആൻഡ് സയൻസ് കോളേജ് ചെമ്പ്ര, കോഴിക്കോട് ) രണ്ടാം സ്ഥാനവും, അനാമിക മിനിഷ്, സുഭഗ സുഭാഷ് എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.വായനാശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ നടത്തിയ ഈ മത്സരം വിദ്യാർഥികൾക്കും അവരെ പിന്തുണച്ച അധ്യാപകർക്കും വളരെ പ്രചോദനാത്മകമായിരുന്നു.

## വിദ്യാർത്ഥിനികൾക്ക് ബോധവൽക്കരണ ക്ലാസ്സുമായി ലക്ഷ്യ



ലയ പി പി

നവജ്യോതി കോളേജ് ലക്ഷ്യ വുമൺസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ മെൻസ്റ്ററൽ കപ്പ് ഉപയോഗത്തെ പറ്റി ബോധവൽക്കരണ ക്ലാസ് നടത്തി. വുമൺ സെൽ ഇൻ ചാർജ് സ്മൃതി ടിവി ക്ലാസ് കൈകാര്യം ചെയ്തു. പാരമ്പര്യ രീതികളായ സാനിറ്ററി പാടുകൾ, ക്ലോത്ത് നാപ്കിനുകൾ എന്നിവയ്ക്ക് പകരമായി ഉപയോഗിക്കുന്ന നവീന മാർഗമാണ് മെൻസ്ട്രൽ കപ്പുകൾ.

മെൻസ്റ്ററൽ കപ്പിന്റെ ഉപയോഗം,ശുചീകരണം, മേന്മകൾ, സാമ്പത്തികവും പാരിസ്ഥിതികവുമായ നേട്ടങ്ങൾ, പ്രയോജനങ്ങൾ എന്നിവയെപ്പറ്റി വിദ്യാർത്ഥിനികൾക്കും, അധ്യാപകർക്കും, അനധ്യാപകർക്കും അറിവ് നൽകാൻ ക്ലാസിനു കഴിഞ്ഞു. വിദ്യാർഥിനികളുടെ ആശങ്കകൾ പരിഹരിച്ചു.

മെനിസ്റ്ററൽ കപ്പ് ഉപയോഗവുമായി ബന്ധപ്പെട്ട ആശങ്കകളെ പറ്റിയും, മിഥ്യാധാരണകളെ പറ്റിയും, ഉപയോഗത്തിന്റെ പ്രാധാന്യത്തെ പറ്റിയും ഗുണമേന്മകളെ പറ്റിയും മനസ്സിലാക്കുന്നതിന് ക്ലാസ്സ് സഹായിച്ചു.

## നാളെയുടെ തിരിച്ചറിവിന് കോമേഴ്സ് വിഭാഗത്തിന്റെ കയ്യൊപ്പ്.




ഫെബിൻ ബിജു

നവജ്യോതി കോളേജ് പിജി ഡിപ്പാർട്ട്മെൻറ് ഓഫ് കൊമേഴ്സിന്റെ നേതൃത്വത്തിൽ പാൻ കാർഡ് ആവശ്യകതയെക്കുറിച്ചുള്ള ബോധവൽക്കരണവും എൻറോൾമെൻറ് ക്യാമ്പയിനും ജൂൺ 10 ന് സെമിനാർ ഹാളിൽ വെച്ച് നടത്തി. പാൻ കാർഡുകളുടെ ആവശ്യകത മനസ്സിലാക്കി കൊടുക്കുകയും, പാൻ കാർഡിന് അപേക്ഷിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുകയുമായിരുന്നു പ്രചാരണത്തിന്റെ ലക്ഷ്യം.

ശ്രീമതി. ഷിജി (ജനസേവ കേന്ദ്ര ,കന്നിക്കളം) പാൻ കാർഡിന്റെ ആവശ്യകതകളെ പറ്റി വിദ്യാർത്ഥികൾക്ക് പറഞ്ഞുകൊടുക്കുകയും, അവർക്ക് വിശാലമായ സാമ്പത്തിക സേവനങ്ങൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമാകുന്നതിന്റെ സാധ്യതകളെക്കുറിച്ചും വിവരിച്ചു. വിവിധ ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള അറുപത് വിദ്യാർത്ഥികൾക്ക് എൻറോൾമെന്റ് സെഷൻ പ്രയോജനകരമായിരുന്നു. നിർണായകമായസാമ്പത്തികസാക്ഷരതയുംകാര്യക്ഷമവൽക്കരണവും വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിൽ പാൻ കാർഡിന്റെ ആവശ്യകത ഉന്നയിച്ചുകൊണ്ടുള്ള ബോധവൽക്കരണ പരിപാടി വിജയിച്ചു.

## ശുചിയാക്കാം മാതൃകയാവാം



ജോ മരിയ സ്റ്റാൻലി

സെപ്റ്റംബർ 28ന് നവജ്യോതി കോളേജ് എൻഎസ്എസ് യൂണിറ്റ് 56ന്റെ നേതൃത്വത്തിൽ 'സ്വച്ഛത ഹി സേവ' പദ്ധതിയുടെ ഭാഗമായി കോലുവള്ളി ടൗൺ ശുചീകരണം നടത്തി. എൻ. എസ്. എസ് യൂണിറ്റ് പ്രോഗ്രാം ഓഫീസർ മഞ്ജുഷ കെ ബി, അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ രജിത കെ, എൻ. എസ്. എസ് സെക്രട്ടറി അക്ഷയ് പ്രകാശ്, പഞ്ചായത്തംഗം ജോസി ഷാജി എന്നിവരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനം വിജയകരമായി നടത്തി. എൻ. എസ്. എസ് വളണ്ടിയർമാരുടെയും കോലുവള്ളി നിവാസികളുടെയും സഹകരണം ശുചീകരണ പരിപാടി സമ്പൂർണ വിജയമാക്കി.

## ഇംഗ്ലീഷിനോട് കൂട്ടായി സ്കൂൾ വിദ്യാർത്ഥികൾ



ജോയൽ എസ് ജോർജ്

നവജ്യോതി കോളേജ് ഇംഗ്ലീഷ് ഡിപ്പാർട്മെന്റ് ജേണലിസം ക്ലബ്ബ് INKJOURN-ന്റെ നേതൃത്വത്തിൽ ഇന്റർ സ്കൂൾ സ്പെൽ ബീ മത്സരം സംഘടിപ്പിച്ചു. സ്കൂൾ വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് വിഷയത്തോടുള്ള താല്പര്യവും പ്രാവീണ്യവും മനസിലാക്കുക എന്ന ലക്ഷ്യത്തോടെ അഞ്ച് റൗണ്ടുകളായി നടന്ന ഈ മത്സരത്തിൽ നിരവധി സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുത്തു.

ഓഗസ്റ്റ് 27 നാണ് മത്സരങ്ങൾ നടന്നത്. ഇംഗ്ലീഷ് വിഭാഗം മേധാവി ശ്രീമതി.ആതിര സി വി, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റൻറ് പ്രൊഫസർമാരായ ശ്രീമതി.നമിത മാത്യു, ശ്രീമതി കരോലിൻ മരിയ എന്നിവർ മത്സരത്തിൽ വിധികർത്താക്കളായിരുന്നു.മത്സരത്തിൽ ഒന്നും രണ്ടും സമ്മാനങ്ങൾ കരസ്ഥമാക്കിയത് ആർക്ക്ഏഞ്ചൽസ് സ്കൂളിൽ നിന്നുള്ള റോൺ റെജിയും കാതറിനും, മരിയ മനോജും അൽഫോൻസ മാത്യുവുമായിരുന്നു.മൂന്നാം സമ്മാനത്തിന് അർഹരായത് സെൻറ് തോമസ് എച്ച് എസ് എസ് തോമാപുരം സ്കൂളിൽ നിന്നുള്ള അലക്സ് ജെയിംസും ക്രിസ് ബിജുവും ആണ്.

നവജ്യോതി കോളേജിൻറെ മാനേജർ ഫാ.ജോസഫ് ചാത്തനാട്ട്,നവജ്യോതി കോളേജ് ഡയറക്ടർ ഫാ. സിജോയ് പോൾ എന്നിവർ ക്യാഷ് പ്രൈസ് നൽകി വിജയികളെ ആദരിച്ചു .പങ്കെടുത്ത എല്ലാ മത്സരാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകിയത് വിദ്യാർത്ഥികളിൽ മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള പ്രോത്സാഹനമായി.

## അറിയാം :തൊഴിലിടങ്ങളിലെ


# ലൈംഗീകാതിക്രമങ്ങൾ




ഫസ്ന

നവജ്യോതി കോളേജ് പിജി ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സിന്റെ നേതൃത്വത്തിലുള്ള കെ എസ് ഡബ്ല്യൂ ഡി എസ് ലക്ഷ്യ വുമൺ സെല്ലും, ജെൻഡർ ജസ്റ്റിസ് ഫോറവും സംയുക്തമായി ലിംഗബോധവൽക്കരണത്തെയും തൊഴിലിടങ്ങളിലെ ലൈംഗീകാതിക്രമങ്ങളെയും കുറിച്ച് മാർച്ച് 24 നു സെമിനാർ നടത്തി. ജെൻഡർ ജസ്റ്റിസ് ഫോറം ചെയർപേഴ്സൺ ശ്രീമതി. ശ്രുതി യു. എസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ ഡി എൽ എസ് എ പാനൽ ലോയർ അഡ്വ. പി സുനിൽകുമാർ സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും തൊഴിലിടങ്ങളിലെ സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് സ്ത്രീകളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തു. സൈബർ കുറ്റകൃത്യങ്ങൾ ,ശാരീരികമായും മാനസികമായും നേരിടുന്ന ദുരുപയോഗങ്ങൾ എന്നിവയ്ക്കെതിരെ പരാതികൾ അറിയിക്കാനും, ശബ്ദമുയർത്താനും അവകാശമുണ്ടെന്നും ഈ സെമിനാറിലൂടെ അദ്ദേഹം വ്യക്തമാക്കി. വുമൺ സെൽ കൺവീനർ സ്മൃതി ടി. വിയുടെ മേൽനോട്ടത്തിൽ നടന്ന സെമിനാറിൽ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സജീവ പങ്കാളിത്തവും, സംശയനിവാരണവും, സംവാദവുമെല്ലാം ഏറെ ശ്രദ്ധയാകർഷിക്കുന്നതായിരുന്നു.

# കർക്കിടകക്കൂട്ട്




കർക്കിടക മാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനായി നവജ്യോതിയിലെ വിദ്യാർത്ഥികൾക്കായി കർക്കിടകക്കൂട്ട് എന്ന മത്സരം സംഘടിപ്പിച്ചു. കർക്കിടകവുമായി ബന്ധപ്പെട്ട അറിവ് പകരുന്ന വിവിധ മത്സരങ്ങൾ ഉൾക്കൊണ്ട പ്രോഗ്രാമിൽ 15 ടീമുകൾ പങ്കെടുത്തു . മത്സരത്തിൽ ആദിത്യ & വൈശാഖ് എന്നിവരുടെ ടീം ഒന്നാം സ്ഥാനവും (₹500) സയന & ക്രിസ്റ്റി എന്നിവരുടെ ടീം രണ്ടാം സ്ഥാനവും (₹400) ജോസഫ് & അതുൽ എന്നിവരുടെ ടീം മൂന്നാം സ്ഥാനവും (₹300) നേടി.

## സഹവാസ ക്യാമ്പ് നടത്തി എൻഎസ്എസ്



ആദിത്യ ഇ

നവജ്യോതി കോളേജിലെ എൻ എസ് എസ് യൂണിറ്റ് 56ന്റെ ഭാഗമായി ഒരുക്കം എന്ന പേരിൽ രണ്ടുദിവസത്തെ സഹവാസ ക്യാമ്പ് നടത്തി . ഒന്നാംവർഷ എൻഎസ്എസ് വിദ്യാർത്ഥികൾക്ക് എൻ എസ് എസിനെ കൂടുതൽ അറിയാനും, കൂടുതൽ പ്രവർത്തന തല്പരരാകുവാനും, വളണ്ടിയർമാർ തമ്മിലുള്ള സാഹോദര്യം വളർത്താനും, സപ്തദിന ക്യാമ്പിന് ഒരുക്കമെന്ന ലക്ഷ്യത്തോടും കൂടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ഒക്ടോബർ 25 വെള്ളിയാഴ്ച വൈകിട്ട് ആരംഭിച്ച ക്യാമ്പ് ശനിയാഴ്ച ഉച്ചയ്ക്ക് അവസാനിച്ചു. കോളേജ് മാനേജർ ഫാ.ജോസഫ് ചാത്തനാട്ട് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കോളേജ് ഡയറക്ടർ ഫാ.സിജോയ് പോൾ, അസിസ്റ്റൻറ് പ്രൊഫസർ ഫാ. അരുൺ ജെയിംസ് എന്നിവർ നിറസാന്നിധ്യമായിരുന്നു.ഉദ്ഘാടനത്തിനുശേഷം ഫാ.അരുൺ ജെയിംസിന്റെ നേതൃത്വത്തിൽ വോളണ്ടിയേഴ്സിന് ഒറിയന്റേഷൻ ക്ലാസ് നൽകി. ശനിയാഴ്ച രാവിലെ യോഗയോട് കൂടി ആരംഭിച്ച ക്യാമ്പിന് ഇരട്ടി ഉന്മേഷം നൽകുന്നതായിരുന്നു IQSAC കോർഡിനേറ്റർ രജിത് കുമാർ ബി വോളണ്ടിയേഴ്സിന് നൽകിയ മോട്ടിവേഷൻ ക്ലാസ്. പ്രോഗ്രാം ഓഫീസർ മഞ്ജുഷ കെ ബി, അസിസ്റ്റൻറ് പ്രോഗ്രാം ഓഫീസർ രജിത കെ, സെക്രട്ടറി അക്ഷയ് പ്രകാശ്, സയന ജോൺ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി .

# നല്ല നാളേക്കായി ക്ലീനിങ് ഔട്ട്റീച്ച് ഡ്രൈവ് നടത്തി പിജി കോമേഴ്സ്



മഹിമ ബോബൻ

ചെറുപുഴ നവജ്യോതി കോളേജിലെ പിജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സിന്റെ ആഭിമുഖ്യത്തിൽ ക്ലീൻ & ക്യുവർ എന്ന പേരിൽ ഒരു ഔട്ട്റീച് ക്ലീനിങ് ഡ്രൈവ് നടത്തി. കോക്കടവ് ഹോമിയോ ആശുപത്രിയും പരിസരവും വിദ്യാർത്ഥികൾ ചേർന്ന് വൃത്തിയാക്കുകയും മരുന്നുകൾ സൂക്ഷിക്കുന്ന അലമാര പെയിന്റ് അടിച്ച് മോടി പിടിപ്പിക്കുകയും ചെയ്തു.

തങ്ങളുടെ സേവന സന്നദ്ധത അറിയിച്ചുകൊണ്ട് ഡിപ്പാർട്ട്മെന്റിലെ പതിനഞ്ചോളം വിദ്യാർത്ഥികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു.ഈ ക്ലീനിങ് ഡ്രൈവിലൂടെ സമൂഹത്തിന് പ്രയോജനം ചെയ്യുക മാത്രമല്ല, വിദ്യാർഥികളിൽ ഉത്തരവാദിത്വത്തിന്റെയും സാമൂഹ്യ സേവനത്തിന്റെയും മൂല്യങ്ങൾ വളർത്താനും സാധിച്ചു.സമൂഹത്തിന്റെ ക്ഷേമത്തിന് ആവശ്യമായ ഇത്തരം പ്രോഗ്രാമുകൾ ഭാവിയിൽ സംഘടിപ്പിക്കുന്നതിന് നവജ്യോതി കോളേജ് പദ്ധതിയിടുന്നുണ്ട്. കൊമേഴ്സ് വിഭാഗം അധ്യാപകരായ സ്മൃതി ടി.വി, മഹിമ ബോബൻ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

# ഹൃദയദിനം മഹത്തരമാക്കി എൻ എസ് എസ്



ഐശ്വര്യ മനോജ്

നവജ്യോതി കോളേജ് എൻഎസ്എസ് യൂണിറ്റ് 56 നേതൃത്വത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്തും,പുളിങ്ങോം കുടുംബാരോഗ്യ കേന്ദ്രവും , വ്യാപാരി വ്യവസായി കോലുവള്ളി യൂണിറ്റും സംയുക്തമായി ലോക ഹൃദയ ദിനാചരണം നടത്തി. പരിപാടിയുടെ ഭാഗമായി കോലുവള്ളി ടൗണിൽ ആരോഗ്യ ബോധവത്കരണ സെമിനാറും , ജീവൻ രക്ഷാ പരിശീലനവും , ഫ്ളാഷ് മോബുമുണ്ടായിരുന്നു.

എൻഎസ്എസ് വളണ്ടിയർമാരാണ് വളരെ മനോഹരമായിരുന്ന ഫ്ളാഷ് മോബ് സംഘടിപ്പിച്ചത്.ഹൃദയ ദിനാചരണം ചെറുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എഫ്.അലക്സാണ്ടർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് അംഗം ജോയ്സ് ഷാജി അധ്യക്ഷനായ ചടങ്ങിൽ ഡോ.ശ്രീരാഗ് ലൈവ് അവതരണത്തോടെ ജീവൻ രക്ഷാ പരിശീലനത്തിന് നേതൃത്വം നൽകി. ജോസ് താമരക്കാട്ട്, ജോയ്സ് തോമസ്, എം കെ ബാലചന്ദ്രൻ മാസ്റ്റർ, മഞ്ജുഷ കെ ബി, സൈറ ടി മുഹമ്മദ്, പി മുഹമ്മദ് ഷെരീഫ്, എം എൽ മനീഷ എന്നിവർ സംസാരിച്ചു.

# ഇന്റർ സ്കൂൾ ക്വിസ് മത്സരം




പരിസ്ഥിതി മാസാചരണത്തോട് അനുബന്ധിച്ച് ഫ്ളോറ നേച്ചർ ക്ലബ്ബ് ഇന്റർ സ്കൂൾ ക്വിസ് മത്സരം സംഘടിപ്പിച്ചു. ജൂൺ മാസം പതിനാലാം തിയതി സംഘടിപ്പിച്ച മത്സരത്തിൽ 16 ടീമുകൾ പങ്കെടുത്തു. ടീം അടിസ്ഥാനത്തിൽ നടത്തിയ മത്സരത്തിൽ വയക്കര സ്കൂൾ വിദ്യാർഥികളായ അമേയ രൂപേഷ്, ആദിദേവ് സി. എന്നിവരുടെ ടീം ഒന്നാം സ്ഥാനവും (₹1500, **momentos, certificate**), ചെറുപുഴ സെന്റ് മേരീസ് സ്കൂൾ വിദ്യാർഥികളായ മിഷേൽ പ്രണെഷ്, രുദ്ര രമേശ് എന്നിവരുടെ ടീം രണ്ടാം സ്ഥാനവും (₹1000, **momentos, certificate**), പാലാവയൽ സെന്റ് ജോൺസ് സ്കൂൾ വിദ്യാർഥികളായ ജോസഫ് കെ. തോമസ്, പോൾ ജോ എന്നിവരുടെ ടീം മൂന്നാം സ്ഥാനവും (₹750, **momentos, certificate**) നേടി. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റും നൽകി.

# ജോലിസ്ഥലത്തെ മാനസികാരോഗ്യം മുൻനിർത്തി സൈക്കോളജി എക്സിബിഷൻ



അഹാന

നവജ്യോതിയിലെ സൈക്കോളജി വിഭാഗവും സോഷ്യൽ വർക്ക് വിഭാഗവും സംയുക്തമായി ലോക മാനസികരോഗ്യ ദിനത്തോടനുബന്ധിച്ചു നടത്തിയ എക്സിബിഷൻ വൻ വിജയമായി. ഒക്ടോബർ 10 ന് രാവിലെ 10:30 ന് നടന്ന ഈ പരിപാടി കോളേജ് പ്രിൻസിപ്പൽ ഡോ. സോമശേഖരൻ സർ ഉദ്ഘാടനം ചെയ്തു.ജോലിസ്ഥലത്തെ മാനസിക ആരോഗ്യം എന്ന പ്രധാന വിഷയത്തെ കേന്ദ്രീകരിച്ചാണ് എക്സിബിഷൻ ഒരുക്കിയത്. ജോലിസ്ഥലത്തെ മാനസികരോഗ്യത്തെക്കുറിച്ചുള്ള അവബോധം വളർത്തുകയും ,മാനസികരോഗ്യപ്രേശ്നങ്ങളെ നേരിടാൻ ആളുകളെ പ്രാപ്തരാക്കുകയുമായിരുന്നു ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം.മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്ന ചിത്രങ്ങൾ എക്സിബിഷനിലെ പ്രധാന ആകർഷണങ്ങളിൽ ഒന്നായിരുന്നു. കൂടാതെ വിവിധ മാനസികാരോഗ്യ വിഷയങ്ങളെ കേന്ദ്രീകരിച്ചു തയ്യാറാക്കിയ പോസ്റ്ററുകളും, പ്രസ്താവനകളും,വിമർശനാത്മക ചിന്തകളെ ഉണർത്തുന്ന ചിത്രങ്ങളും മറ്റു മന:ശാസ്ത്രപരമായ ചിത്രങ്ങളും ഈ എക്സിബിഷനിലെ പ്രധാന ആകർഷണങ്ങളായിരുന്നു.മനസ്സിന്റെ ആരോഗ്യം ശാരീരിക ആരോഗ്യത്തിനു തുല്യ പ്രാധാന്യമുള്ളതാണെന്ന് ഊന്നി പറയുന്ന പ്രസ്താവനകളും മാനസികരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാൻ സഹായകരമായി.ജോലിസ്ഥലത്തെ മാനസികാരോഗ്യം എന്ന പ്രധാന വിഷയത്തെ കേന്ദ്രീകരിച്ച് ഒരുക്കിയ ഈ എക്സിബിഷൻ, ജീവനക്കാരുടെ മാനസികസുഖത്തിന്റെപ്രാധാന്യത്തെക്കുറിച്ച് വ്യാപകമായ അവബോധം സൃഷ്ടിച്ചു.

# സ്കിൽ ബൂസ്റ്റ്




ക്രിസ്റ്റി

നവജ്യോതി കോളേജ് സ്റ്റുഡൻസ് IQAC യുടെ നേതൃത്വത്തിൽ ദ്വിദിന സോഫ്റ്റ് സ്കിൽ ട്രെയിനിങ് പ്രോഗ്രാം നടത്തപ്പെട്ടു. സോഫ്റ്റ് സ്കിൽ ട്രെയിനറും ബി എസ് ഡബ്ലിയു ഡിപ്പാർട്ട്മെന്റ് അധ്യാപികയുമായ സിസ്റ്റർ ഷാരോൺ MSMI സെഷനുകൾ കൈകാര്യം ചെയ്തു. കോളേജിലെ വിവിധ വിവിധ ഡിപ്പാർട്ട്മെന്റ് ക്ലബ്ബുകളുടെയും, സെല്ലുകളുടെയും ഭാരവാഹികൾക്ക് മികച്ച നേതൃത്വ പരിശീലനം നൽകുവാനും അതിലൂടെ മികച്ച പരിപാടികൾ സംഘടിപ്പിക്കാനുള്ള കഴിവ് ആർജിച്ചെടുക്കുക എന്നതുമായിരുന്നു പ്രോഗ്രാമിന്റെ ലക്ഷ്യം.സംഘാടനം,അഭിനയകല,പ്രസംഗം, പോസ്റ്റർ നിർമ്മാണം, എന്നിവയിലെ പരിശീലനം നൽകുകയും അതിലൂടെ സഭാകമ്പം ഒഴിവാക്കി മികച്ച പരിപാടികൾ ആസൂത്രണം ചെയ്യാനും നടപ്പാക്കാനും ഉള്ള പരിശീലനം ലഭിച്ചു. കോളേജ് ഡയറക്ടർ ഫാ.സിജോയ് പോൾ സി എസ് ടി, പ്രിൻസിപ്പാൾ ഡോ. കെ കെ സോമശേഖരൻ എന്നിവർ പരിപാടിയിൽ പങ്കെടുത്ത് വിദ്യാർത്ഥികളോട് സംസാരിക്കുകയും ആശയങ്ങൾ പങ്കുവെക്കുകയും ചെയ്തു.സ്റ്റുഡൻസ് IQAC കോഡിനേറ്റർ ശ്യാം സന്തോഷ്, മെമ്പർ ക്രിസ്റ്റി സി ജെ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

# വിദ്യാർത്ഥികൾക്കായി ത്രിദിന ശില്പശാല



സൂര്യ വി ആസ്

നവജ്യോതി കോളേജ് പി ജി ഡിപ്പാർട്മെന്റ് ഓഫ് കോമേഴ്സിന്റെ നേതൃത്വത്തിൽ രണ്ടാം വർഷ ബി കോം വിദ്യാർത്ഥികൾക്കായി ത്രിദിന ശില്പശാല സംഘടിപ്പിച്ചു. ആശയവിനിമയം, ടീം വർക്ക്, ലീഡർഷിപ്പ്, ടൈം മാനേജ്മെന്റ് മുതലായ ആവശ്യ വൈദഗ്ദ്ധ്യങ്ങൾ വിദ്യാർത്ഥികളിൽ വളർത്തുക എന്നതായിരുന്നു ശില്പശാലയുടെ ലക്ഷ്യം.

മുപ്പത്തിരണ്ട് വിദ്യാർത്ഥികൾ പങ്കെടുത്ത ശില്പശാലയുടെ ക്ലാസുകൾ നിയന്ത്രിച്ചത് സ്നേഹസേന & ടിക് ടിക് ലൈഫ് ഡയറക്ടറും എഡിറ്ററുമായ ഫാ. ഷൈസ് തോമസ് എസ്.ജെയാണ്. മാനേജ്മെന്റിന്റെയും അധ്യാപകരുടെയും പൂർണപിന്തുണയോടെ നടത്തിയ ശില്പശാല വിദ്യാർത്ഥികളിൽ പുത്തനുണർവ് നൽകി.

# കൈത്താങ്ങായി എൻ എസ് എസ്




വിസ്മയ

ചെറുപുഴ നവജ്യോതി കോളേജ് യൂണിറ്റ് 56 ഓണത്തോട് അനുബന്ധിച്ച് വിവിധ സേവന പ്രവർത്തനങ്ങൾ നടത്തി.തലവിൽ സമരിറ്റൻ ലൈഫ് ഭിന്നശേഷി യൂണിറ്റും AKWRF കണ്ണൂരും സംയുക്തമായിസംഘടിപ്പിച്ച ഓണാഘോഷത്തിൽ എൻഎസ്എസ് വോളണ്ടിയേഴ്സ് അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ എന്നിവർ പങ്കെടുത്തു. അന്തേവാസികൾക്കായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

അതോടൊപ്പം ചെറുപുഴ പഞ്ചായത്തിലെ വിവിധ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന 52 ഓളം ആളുകൾക്ക് എൻ മഎസ് എസ് വോളണ്ടിയേഴ്സ് വീട്ടിലെത്തി അവർക്കു ഓണക്കോടികൾ നൽകി. കിടപ്പുരോഗികൾ വിവിധ രോഗങ്ങളാൽ കഴിയുന്ന പ്രായമായവർ മുതൽ അക്ഷര എന്ന് പറയുന്ന പെൺകുട്ടിക്ക് വരെ ഓണക്കോടികൾ നൽകാൻ സാധിച്ചു. എൻഎസ്എസ് വോളണ്ടിയേഴ്സ് അനില , വന്ദന, വിസ്മയ എൻഎസ്എസ് പ്രോഗ്രാം ഓഫീസർ മഞ്ജുഷ കെ ബി എന്നിവരും പുളിങ്ങോം ഹെൽത്ത് സെന്ററിലെ സിസ്റ്റർ കവിത എന്നിവരും നേതൃത്വം നൽകി

# ആവേശത്തോടെ ആരംഭിക്കാൻ ദീക്ഷാരംഭം




കേരള സർക്കാർ 2024 25 അധ്യയന വർഷത്തിൽ ആരംഭിച്ച നാലു വർഷ ബിരുദ പ്രോഗ്രാമിനെ മനസ്സിലാക്കുവാൻ ബിരുദ വിദ്യാർത്ഥികൾക്കായി നവജ്യോതികോളേജിൽ ദീക്ഷാരംഭം എന്നപേരിൽ ഓറിയന്റേഷൻ ക്ലാസ്സ് അതിഗംഭീരമായി നടത്തി.കേരളസർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന ദീക്ഷാരംഭിന്റെ സംസ്ഥാനതല ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ബഹു. ഡോ.ആർ. ബിന്ദു ഓൺലൈനായി നിർവഹിച്ചു. കോളേജ് തല ഉദ്ഘാടനവും ഓറിയന്റേഷൻ ക്ലാസുകളും തുടർന്ന് നടന്നു.ഒരാഴ്ച നീണ്ടുനിന്ന ദീക്ഷാരംഭം പാഠ്യപാഠ്യേതര വിഷയങ്ങളിൽ കുട്ടികളെ കൂടുതൽ തല്പരരാക്കുവാനും ,പഠനത്തിന്റെ പുതിയ സാധ്യതകളെ മനസ്സിലാക്കികൊടുക്കുവാനും സഹായിച്ചു.കേരളസർക്കാർ പദ്ധതിയായ ദീക്ഷാരംഭം നവജ്യോതി കോളേജിൽ നടത്തപ്പെട്ടപ്പോൾ പഠനത്തോടൊപ്പം വിനോദവും എന്ന ആശയത്തിൽ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങൾ സന്ദർശിച്ചു.പലതരം കളികളും ക്ലാസ്സുകളുമായി ഫാ. ജോസ് താമരക്കാട്ടിന്റെ നേതൃത്വത്തിൽ നടന്ന വിദ്യാർത്ഥികളുടെ അധ്യയന ആരംഭം വളരെ രസകരമായി.

## എല്ലാവർക്കും പങ്കെടുക്കാം .. സമ്മാനം നേടാം...

**2024 നവംബർ 20 മുൻപായി നിങ്ങളുടെ ഉത്തരങ്ങൾ 9400974433 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് അയക്കൂ**

**ആകർഷകമായ സമ്മാനങ്ങൾ സ്വന്തമാക്കൂ..**



ACROSS

3. Climate and Health Africa Conference (CHAC 2024) held on this Country

6. This ministry recently launched the Civil Registration System (CRS) mobile application to integrate technology with governance

9. A persistent fall in the general price level of goods and services known as

10. He was the constitutional advisor of the GoI

DOWN

1. It is the 4th state of matter

2. The field view of the mirror is maximum

4. This state has the highest Lok Sabha Seats

5. The famous Loktak lake(Floating lake)is located here

7. Hershey and chase experiment was based on this principle

8. He was the court historian of Akbar

**ശരിയുത്തരം അയക്കുന്നവരിൽ നിന്നും വിജയികളെ കോളേജിന്റെ ഔദ്യോഗിക പരിപാടികളിൽ വെച്ച് പ്രഖ്യാപിക്കുകയും സമ്മാനം നൽകുകയും ചെയ്യുന്നു.**
**(ഒന്നിലധികം ശരിയുത്തരങ്ങൾ വരുന്നപക്ഷം നറുക്കെടുപ്പിലൂടെ വിജയിയെ തിരഞ്ഞെടുക്കുന്നു)**